

**സന്ധ്യാറാണി എൽ.**
ചൈൽഡ് ആൻഡ് ഫാമിലി കൗൺസിലർ
കൺസൊലെയ്സ് കൗൺസിലിങ് സർവീസസ്
തിരുവനന്തപുരം/ചങ്ങനാശേരി

# ഒളിച്ചോട്ടങ്ങൾക്ക് പിന്നിൽ

**ഒരു ദിവസം ഭാര്യ ഏറെ വൈകിയിട്ടും ജോലികഴിഞ്ഞ് വീട്ടിൽ തിരികെയെത്തിയില്ല. അമ്മയെ കാണാതായപ്പോൾ മക്കൾ അച്ഛനെ വിളിച്ചു കാര്യംപറഞ്ഞു. മൊബൈൽ ഫോണിൽ വിളിച്ചപ്പോൾ സ്വിച്ച് ഓഫ് ആയിരുന്നു.**

കൗൺസിലിങ് സെന്ററിലെത്തിയതായിരുന്നു അയാൾ. നാൽപ്പതു വയസു പ്രായം. നഗരത്തിൽ മെഡിക്കൽഷോപ്പ് നടത്തുകയാണ്. ഭാര്യ സ്വകാര്യസ്ഥാപനത്തിൽ സൂപ്പർവൈസറായിരുന്നു. അവർ വിവാഹിതരായിട്ട് പന്ത്രണ്ട് വർഷം കഴിഞ്ഞു. രണ്ടു പെൺമക്കൾ. ഇരുവരും നഗരത്തിലെ ഒരു പ്രമുഖ സ്കൂളിലെ വിദ്യാർഥികൾ. പറയത്തക്ക പ്രശ്നങ്ങളൊന്നുമില്ലാതെ കുടുംബജീവിതം സന്തോഷകരമായി മുന്നോട്ടു പോകുകയായിരുന്നു.

ഒരു ദിവസം ഭാര്യ ഏറെ വൈകിയിട്ടും ജോലികഴിഞ്ഞ് വീട്ടിൽ തിരികെയെത്തിയില്ല. അമ്മയെ കാണാതായപ്പോൾ മക്കൾ അച്ഛനെ വിളിച്ചു കാര്യംപറഞ്ഞു. മൊബൈൽ ഫോണിൽ വിളിച്ചപ്പോൾ സ്വിച്ച് ഓഫ് ആയിരുന്നു. ഭാര്യ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെത്തി തിരക്കിയെങ്കിലും സമയത്തിന് തന്നെ അവിടെ നിന്ന് ഇറങ്ങിയെന്ന മറുപടിയാണ് ലഭിച്ചത്. ഭാര്യ പോകാനിട





യുള്ള സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിൽ തിരക്കിയെങ്കിലും അവിടെയൊന്നും അവർ എത്തിയിരുന്നില്ല. തുടർന്ന് ബന്ധുക്കളുടെ നിർദേശപ്രകാരം പൊലീസിൽ പരാതിപ്പെട്ടു. പൊലീസ് നടത്തിയ അന്വേഷണത്തിൽ ഭാര്യ, അവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെ ഒരു ജീവനക്കാരനോടൊപ്പം ഒളിച്ചോടിയതായി കണ്ടെത്തി.

കുറച്ചു കാലമായി പ്രണയത്തിലായിരുന്ന ഇരുവരും മുൻകൂട്ടി ആസൂത്രണം ചെയ്തതനുസരിച്ചാണ് നാടുവിട്ടത്. പൊലീസ് ഇടപെട്ട് അവരെ തിരികെയെത്തിച്ചെങ്കിലും അയാളോടൊപ്പം ജീവിക്കാൻ താത്പര്യമില്ലെന്ന നിലപാടാണ് ഭാര്യ സ്വീകരിച്ചത്. കേസും കോടതിയുമായി കാര്യങ്ങൾ ഒരു വഴിയ്ക്ക് മുന്നോട്ടു നീങ്ങുന്നുവെങ്കിലും അയാൾ മാനസികമായി ആകെ തകർന്നു. ജീവനുതുല്യം സ്നേഹിച്ച ഭാര്യ മറ്റൊരാളോടൊപ്പം പോയത് അയാൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. തന്റെ പെൺമക്കളുടെ ഭാവിയെ കുറിച്ചോർത്തും അയാൾ ആശങ്കപ്പെട്ടു. പുറത്തേയ്ക്ക് ഇറങ്ങാനോ നാട്ടുകാരെ അഭിമുഖീകരിക്കാനോ അയാൾ ഭയന്നു. മക്കളെ സ്കൂളിലും അയച്ചില്ല. കാര്യങ്ങൾ മനസിലാക്കിയ ബന്ധുക്കളിൽ ചിലരാണ് അയാളെ സൈക്കോളജിസ്റ്റിന്റെ മുന്നിലെത്തിച്ചത്.

കാമുകനൊപ്പം ജീവിക്കാൻ വേണ്ടി ഭർത്താവിനെയും മക്കളെയും നിഷ്കരുണം കൊലപ്പെടുത്തിയ എത്രയോ കഥകൾ അടുത്തകാലത്ത് പത്രങ്ങളിൽ നാം വായിച്ചിരിക്കുന്നു. എല്ലാ സുഖസൗകര്യങ്ങളുടെയും നടുവിൽ ജീവിക്കുന്നവർ പോലും ഒരു സുപ്രഭാതത്തിൽ എല്ലാം ഉപേക്ഷിച്ച് മറ്റൊരാൾക്കൊപ്പം പോയി എന്നറിയുമ്പോൾ കേൾക്കുന്നവർക്ക് അത്ഭുതം തോന്നാം. എന്നാൽ അവർ ആ തീരുമാനത്തിലേക്ക് എത്താനിടയായ സാഹചര്യങ്ങൾ വിശകലനം ചെയ്യാൻ ആരും താത്പര്യം കാണിക്കാറില്ല.

## വൈകാരികമായ തീരുമാനങ്ങൾ

നല്ല ജീവിതസാഹചര്യങ്ങളും സമൂഹത്തിൽ മാന്യമായ സ്ഥാനവും ഉള്ളവർ ഒളിച്ചോടുമ്പോൾ വീട്ടുകാർക്കും നാട്ടുകാർക്കും ഉണ്ടാകുന്ന ഞെട്ടൽ ചെറുതല്ല. യാതൊരു പ്രശ്നങ്ങളുമില്ലാത്തപ്പോൾ എന്തിന് ഇവർ ഇതു ചെയ്തു എന്നായിരിക്കും അവരുടെ ചോദ്യം. മറ്റൊരു ബന്ധത്തിൽ അകപ്പെട്ടു പോകുന്നവർ വരുംവരായ്കകളെപ്പറ്റി അധികം ചിന്തിക്കാറില്ലെന്നതാണ് സത്യം.

> അവർ കാര്യങ്ങളെ യാഥാർഥ്യബോധത്തോടെ നോക്കി കാണുന്നവർ ആയിരിക്കില്ല. മറ്റൊരാളിലേയ്ക്ക് ആകർഷിക്കപ്പെട്ടു കഴിഞ്ഞാൽ ആ ബന്ധത്തിൽ നിന്ന് ലഭിക്കുന്ന സുഖവും സന്തോഷവും മാത്രമാണ് അവരുടെ മനസിൽ ഉണ്ടാകുക. മിക്ക ബന്ധങ്ങളും ഒരു ഫോൺ വിളിയിൽ ആരംഭിച്ച് പിന്നീട് പിരിയാൻ കഴിയാത്ത തലത്തിലേക്ക് വളരുന്നവയാണ്

അവർ കാര്യങ്ങളെ യാഥാർഥ്യബോധത്തോടെ നോക്കി കാണുന്നവർ ആയിരിക്കില്ല. മറ്റൊരാളിലേക്ക് ആകർഷിക്കപ്പെട്ടു കഴിഞ്ഞാൽ ആ ബന്ധത്തിൽ നിന്ന് ലഭിക്കുന്ന സുഖവും സന്തോഷവും മാത്രമാണ് അവരുടെ മനസിൽ ഉണ്ടാകുക. മിക്ക ബന്ധങ്ങളും ഒരു ഫോൺ വിളിയിൽ ആരംഭിച്ച് പിന്നീട് പിരിയാൻ കഴിയാത്ത തലത്തിലേക്ക് വളരുന്നവയാണ്. ജീവിതത്തിലേക്ക് കടന്നുവരുന്ന ആ വ്യക്തിയുടെ സ്വഭാവമോ ജീവിതസാഹചര്യങ്ങളോ ജോലിയോ പോലും പലപ്പോഴും ഇവർ കണക്കിലെടുക്കാറില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഇത്തരമൊരു ബന്ധത്തിൽ അകപ്പെട്ടു പോയാൽ പിന്നീട് അവർ എടുക്കുന്ന തീരുമാനങ്ങളെല്ലാം വൈകാരികമായിരിക്കും. ഭർത്താവ്, കുട്ടികൾ, വീട് എന്നതിൽ നിന്ന് പുറത്തുകടന്ന് താനും ആ വ്യക്തിയുംമാത്രം ഉള്ളൊരു ലോകത്തിലായിരിക്കും അവരുടെ ജീവിതം. വെറുമൊരു ആകർഷണം എന്നതിനപ്പുറം ഇ



വർ തമ്മിൽ ആഴത്തിലുള്ള സ്നേഹബന്ധം ഉണ്ടാകാനുള്ള സാധ്യത വിരളമാണ്. അതുകൊണ്ടു തന്നെ മിക്കബന്ധങ്ങളുടേയും അവസാനം മറ്റൊരു വേർപിരിയലോ ആത്മഹത്യയോ തന്നെയാവും. തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞാൽ ഇവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ എളുപ്പമാണെങ്കിലും ബന്ധം മുറുകിയാൽ കാര്യങ്ങൾ കൈവിട്ടു പോകും.

## പ്രായം ഒരു ഘടകം

വിവാഹം കഴിഞ്ഞ് മക്കൾ മുതിർന്നു കഴിഞ്ഞാൽ ജീവിതത്തിലെ എല്ലാദിവസവും ഒരുപോലെയാകുന്നു എന്നൊരു തോന്നൽ ചില സ്ത്രീകൾക്കെങ്കിലും ഉണ്ടാകും. കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾക്കപ്പുറം ജോലിയോ ബിസിനസോ ഒന്നും ഇല്ലാതിരിക്കുന്ന വീട്ടമ്മമാർക്കാണ് ഈ സമയത്ത് ജീവിതം കൂടുതൽ വിരസമായി അനുഭവപ്പെടുക.

ഭർത്താവും മക്കളും ജോലിയും പഠനവുമായി തിരക്കിലാവുകയും വെറുതെ സംസാരിച്ചിരിക്കാൻ പോലും വീട്ടിൽ ആരും ഇല്ലാത്ത അവസ്ഥ വരികയും ചെയ്യുമ്പോൾ മടുപ്പ് അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ഇതിനു പുറമേ പ്രായം കൂടുന്തോറും തന്റെ സൗന്ദര്യവും ആകർഷകത്വവും നഷ്ടപ്പെടുന്നു എന്നൊരു ചിന്തയും ഇവരുടെ മനസിനെ അലട്ടുന്നുണ്ടാകും. ജോലിത്തിരക്കുകൾക്കിടയിൽ സ്നേഹപൂർവമുള്ള സംസാരങ്ങൾ കുറയുകയും ലൈംഗികബന്ധത്തിൽ പഴയതുപോലെ താത്പര്യം കാണിക്കാതിരിക്കുകയും ചെയ്താൽ അത് ഭർത്താവിന് തന്നോടുള്ള താത്പര്യക്കുറവായേ ഇവർ കണക്കാക്കൂ. ജീവിതത്തിലെ നല്ല ദിനങ്ങൾ അവസാനിച്ചു എന്ന തോന്നലിൽ ജീവിക്കുമ്പോഴായിരിക്കാം പുതിയൊരാൾ ജീവിതത്തിലേയ്ക്ക് കടന്നുവരുന്നത്. അയാളുടെ വാക്കുകളുടെ മാധുര്യവും ഫോൺ സംഭാഷണങ്ങളും കഴിഞ്ഞുപോയ കാലം തിരികെ വരുന്നു എന്നൊരു പ്രതീതി സൃഷ്ടിക്കും.

> ഭർത്താവും മക്കളും ജോലിയും പഠനവുമായി തിരക്കിലാവുകയും വെറുതെ സംസാരിച്ചിരിക്കാൻ പോലും വീട്ടിൽ ആരും ഇല്ലാത്ത അവസ്ഥ വരികയും ചെയ്യുമ്പോൾ മടുപ്പ് അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ഇതിനു പുറമേ പ്രായം കൂടുന്തോറും തന്റെ സൗന്ദര്യവും ആകർഷകത്വവും നഷ്ടപ്പെടുന്നു എന്നൊരു ചിന്തയും ഇവരുടെ മനസിനെ അലട്ടുന്നുണ്ടാകും

ദിവസവും കാണുന്ന ഭർത്താവ് തന്റെ കുറ്റങ്ങളും കുറവുകളും മാത്രം പറയുമ്പോൾ ജീവിതത്തിലേയ്ക്ക് കടന്നുവന്ന പുതിയയാൾ തന്റെ സൗന്ദര്യത്തെയും കഴിവിനെയും അംഗീകരിക്കുന്നതും പുതിയ ബന്ധത്തിലേക്ക് ഇവർ എളുപ്പത്തിൽ ആകർഷിക്കപ്പെടാൻ കാരണമാകും. ആദ്യം ഒരു കൗതുകമെന്നപോലെ തുടങ്ങുന്ന ബന്ധം ഭർത്താവും വീട്ടുകാരും അറിയാതെ വളർന്ന് ഒടുവിൽ ഒളിച്ചോട്ടത്തിൽ കലാശിക്കുകയാണ് ചെയ്യുന്നത്.

'വെറുതെയിരിക്കുന്നവന്റെ തലച്ചോറ് ചെകുത്താന്റെ പണിപ്പുര' ആണെന്ന ചൊല്ലാണ് ഇവിടെ പ്രസക്തം. ജീവിതത്തിന്റെ ഓരോ കാലഘട്ടങ്ങളിലും ഏതെങ്കിലും കാര്യങ്ങളിൽ വ്യാപൃതരായില്ലെങ്കിൽ അനാവശ്യമായ ചിന്തകൾ നമ്മുടെ മനസിലേക്ക് കയറി വരും. സ്ഥിരവരുമാനമുള്ള ജോലിയോ ബിസിനസോ ചെയ്യാനായില്ലെങ്കിലും പുതിയ കാര്യങ്ങൾ പഠിക്കാനോ സന്നദ്ധ സംഘടനകളുമായി ചേർന്ന് ജീവകാരുണ്യപ്രവർത്തനങ്ങൾക്കോ ഒക്കെ സമയം വിനിയോഗിക്കാം.

## നോ പറയാൻ പഠിക്കാം

ഇത്തരം ബന്ധങ്ങളിൽ അകപ്പെട്ടുപോകുന്നവരിൽ ചിലർക്കെങ്കിലും പിന്നീട് യാഥാർഥ്യബോധം ഉണ്ടാകുമ്പോൾ അതിൽ നിന്ന് മോചനം നേടണമെന്ന ആഗ്രഹം ഉണ്ടാകും. എന്നാൽ പലർക്കും അതിന് കഴിയാറില്ലെന്നതാണ് സത്യം. മറുഭാഗത്തുനിന്നുള്ള ഭീഷണിയോ ഭയമോ ഒക്കെയാണ് കാരണം. സാഹചര്യവശാൽ ഉടലെടുക്കുന്ന ബന്ധങ്ങൾക്കപ്പുറം മനപ്പൂർവം സൗഹൃദം സ്ഥാപിച്ച് സ്ത്രീകളിൽ നിന്ന് പണവും സ്വർണവും തട്ടിയെടുത്ത് മുങ്ങുന്നവരും ഉണ്ടെന്നുള്ളത് മറ്റൊരു വശം. വെറുമൊ

രു സൗഹൃദത്തിൽ തുടങ്ങി പിന്നീട് പിരിയാൻ കഴിയാത്ത പ്രണയത്തിൽ എത്തിനിൽക്കുന്ന ബന്ധങ്ങളുടെ കാര്യമെടുത്താൽ പോലും പെട്ടെന്നൊരു ദിവസം അതിൽ നിന്ന് പിന്മാറുക എളുപ്പമല്ല. നടന്നതെല്ലാം ഭർത്താവിനെയും വീട്ടുകാരെയും അറിയിക്കുമെന്ന ഭീഷണി ഒന്നുമാത്രം മതി അവരുടെ പിന്മാറ്റത്തെ തടഞ്ഞുനിർത്താൻ. ചെയ്ത പ്രവൃത്തി തെറ്റായിപ്പോയി എന്ന് തിരിച്ചറിഞ്ഞാൽ അത് തിരുത്താനുള്ള ആർജ്ജവമാണ് ഇവിടെ ആവശ്യം.

കൂടുതൽ കുഴപ്പത്തിലേയ്ക്ക് നീങ്ങുന്നതിന് മുൻപ് കാര്യങ്ങൾ തുറന്നു പറഞ്ഞാൽ ഭർത്താവിന് നിങ്ങളെ മനസിലാക്കാൻ കഴിഞ്ഞേക്കാം. എന്നാൽ നേരിട്ട് കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ കഴിയില്ലെന്നുവന്നാൽ വിശ്വസ്തരായ സുഹൃത്തുക്കളുടെയോ കൗൺസിലറുടെയോ സഹായം തേടാം. അതേസമയം 'നോ' എന്നുറച്ചു പറയാൻ ഭയന്ന് ബന്ധം മുന്നോട്ടു കൊണ്ടുപോയാൽ ഒടുവിൽ അതൊരു ഒളിച്ചോട്ടത്തിലോ ആത്മഹത്യയിലോ കൊലപാതകത്തിലോ പോലും കലാശിക്കാം.

## അവരെ ശ്രദ്ധിക്കാറുണ്ടോ?

ഇന്നലെവരെ തനിക്കൊപ്പം ഉണ്ടായിരുന്നയാൾ ഇന്ന് മറ്റൊരാൾക്കൊപ്പം പോയി എന്നറിയുമ്പോൾ ഏതൊരാളും മാനസികമായി തകർന്നു പോകും. പക്ഷേ, ഇത്തരം സംഭവങ്ങളിലെല്ലാം പൊതുവായി കാണുന്ന ഒരു പ്രത്യേകത, ഭാര്യയുടെ ഭാഗത്തു നിന്ന് ഇത്തരം ഒരു പ്രവർത്തിയുണ്ടാകുമെന്ന് അയാൾ മുൻപൊരിക്കലും ചിന്തിച്ചിട്ടുണ്ടാകില്ല എന്നതാണ്. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ ജോലിയുടെയോ ബിസിനസിന്റെയോ തിരക്കിൽ ജീവിക്കുമ്പോൾ തന്റെ വീട്ടിൽ എന്തൊക്കെ നടക്കുന്നു എന്ന് അയാൾ അറിയുന്നുണ്ടാകില്ല. വീടിനടുത്ത് മുറിയെടുത്ത് ഭാര്യയെ രഹസ്യമായി നിരീക്ഷിക്കുന്ന 'തളത്തിൽ ദിനേശന്മാർ' ആകണമെന്നല്ല ഇതിനർഥം. പക്ഷേ വീടുമായും വീട്ടിലെ അംഗങ്ങളുമായും ദൃഢമായ ബന്ധം ഉണ്ടാക്കിയെടുക്കാൻ കഴിയണം. ജോലി കഴിഞ്ഞ് മടങ്ങിയെത്തിയാൽ ടി.വി കാണുകയോ സുഹൃത്തുക്കളോട് മൊബൈലിൽ സംസാരിച്ചിരിക്കുകയോ നെറ്റിനു മുന്നിൽ സമയം ചെലവിടുകയോ ചെയ്യുന്നവരാണ് ഭൂരിഭാഗം ഭർത്താക്കന്മാരും. ഭക്ഷണം കഴിക്കുമ്പോൾ വീട്ടിലെ അംഗങ്ങളെല്ലാം ഒരുമിച്ച് ഇരിക്കുമെങ്കിലും അത് മിക്കപ്പോഴും ടി.വിയ്ക്ക് മുന്നിലായിരിക്കും.

മറ്റൊരു ബന്ധത്തിലേക്ക് അവർ വഴുതി വീഴുന്നു എന്ന് മനസിലാക്കിയാൽ ഒരു കൗൺസിലറുടെ സഹായം തേടുന്നതാണ് അഭികാമ്യം. ദൃഢമായ ബന്ധവും വിശ്വാസവുമാണ് കുടുംബബന്ധങ്ങളുടെ ആണിക്കല്ല്. അത് എക്കാലവും ഉറപ്പോടെ നിലനിർത്താനാണ് ഭാര്യഭർത്താക്കന്മാർ ശ്രദ്ധിക്കേണ്ടത്. ഒരേ വീടിനുള്ളിൽ പരസ്പരം അപരിചിതരായി ജീവിക്കുമ്പോഴാണ് മറ്റൊരാൾക്ക് ജീവിതത്തിലേക്ക് കടന്നുകയറാൻ അവസരം ഒരുങ്ങുന്നത്

പരസ്പരമുള്ള സംസാരം കുറയാനും ജീവിതം യാന്ത്രികമായി മുന്നോട്ടു പോകാനും ഇത് ഇടയാക്കും. ദിവസത്തിൽ അരമണിക്കൂറെങ്കിലും ടി.വിയും ഫോണും മാറ്റിവച്ച് പരസ്പരം സംസാരിച്ചിരിക്കാൻ സമയം കണ്ടെത്തണം. രണ്ടുപേരും ജോലിക്കാരാണെങ്കിൽ ഓഫീസിൽ നിന്ന് മടങ്ങിയെത്തിയ ശേഷം പാചകവും മറ്റു വീട്ടുജോലികളും ഒരുമിച്ച് ചെയ്യാം. ജോലികൾ പങ്കിട്ടെടുക്കുമ്പോൾ സ്നേഹവും കരുതലും കൂടും.

ജോലിക്കിടയിൽ വീട്ടുവിശേഷങ്ങളും ഓഫീസ് കാര്യങ്ങളും പങ്കുവയ്ക്കുകയും ചെയ്യാം. എല്ലാ ദിവസവും അടുത്തു പെരുമാറുന്ന ഒരാളിൽ മാറ്റങ്ങൾ സംഭവിച്ചാൽ അത് തിരിച്ചറിയാൻ എളുപ്പമാണ്. പങ്കാളി എന്തെങ്കിലും ഒളിയ്ക്കുന്നുണ്ടെന്ന് സംശയം തോന്നിയാൽ തുടക്കത്തിൽ തന്നെ അത് ചോദിക്കാം. പരസ്പരം എന്തും സംസാരിക്കാനുള്ള അടുപ്പം നിങ്ങൾക്കിടയിൽ ഉണ്ടെങ്കിൽ അവർ അത് തുറന്നു പറയുമെന്ന് ഉറപ്പാണ്. അവർ ഒന്നും തുറന്നു പറയാതിരിക്കുകയും എന്നാൽ എന്തോ ഒളിക്കുന്നു എന്ന് വ്യക്തമായി ബോധ്യപ്പെടുകയും ചെയ്താൽ അടുത്ത സുഹൃത്തുക്കളുടെ സഹായത്തോടെ അവരോട് സംസാരിക്കണം.

മറ്റൊരു ബന്ധത്തിലേക്ക് അവർ വഴുതി വീഴുന്നു എന്ന് മനസിലാക്കിയാൽ ഒരു കൗൺസിലറുടെ സഹായം തേടുന്നതാണ് അഭികാമ്യം. ദൃഢമായ ബന്ധവും വിശ്വാസവുമാണ് കുടുംബബന്ധങ്ങളുടെ ആണിക്കല്ല്. അത് എക്കാലവും ഉറപ്പോടെ നിലനിർത്താനാണ് ഭാര്യഭർത്താക്കന്മാർ ശ്രദ്ധിക്കേണ്ടത്. ഒരേ വീടിനുള്ളിൽ പരസ്പരം അപരിചിതരായി ജീവിക്കുമ്പോഴാണ് മറ്റൊരാൾക്ക് ജീവിതത്തിലേക്ക് കടന്നുകയറാൻ അവസരം ഒരുങ്ങുന്നത്. അതിനാൽ സ്നേഹവും കരുതലും എപ്പോഴും പങ്കാളിക്ക് നൽകാം. നിങ്ങൾ അവരെ ജീവനുതുല്യം സ്നേഹിക്കുന്നുണ്ടെന്ന് ബോധ്യം വന്നാൽ അവർ ഒരിക്കലും മറ്റൊരു വഴിയെ കുറിച്ച് ചിന്തിക്കുകയില്ല. ●

